**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4950** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ തസ്തിക സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയത്; ഇതിന്റെ ഭാഗമായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മൂന്ന് ഘട്ടങ്ങളിലായി 886 ആരോഗ്യ സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങൾക്കായി നാളിതുവരെ 1830 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ വിവിധ വിഭാഗങ്ങളിലായി 1200 തസ്തിക സൃഷ്ടിക്കാൻ ഉത്തരവായിട്ടുണ്ടോ; ഓരോ വിഭാഗത്തിലും ഏതെല്ലാം തസ്തികകൾ, എത്രയെണ്ണം വീതമാണ് സൃഷ്ടിക്കുക എന്ന് വിശദമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 1200 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം എന്ന നിലയിൽ താഴെ പറയുന്ന 300 തസ്തികകൾ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. സ്റ്റാഫ് നേഴ്സ് - 204 ഫാർമസിസ്റ്റ് - 52 ക്ലാർക്ക് - 42 ഓഫീസ് അറ്റൻഡന്റ് - 2 ------- 300 |

സെക്ഷൻ ഓഫീസർ